"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കോവിഡ് 19 - സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്വാറന്റൈൻ കാലത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.634/2021/DMD തീയതി,തിരുവനന്തപുരം, 15/09/2021

---

പരാമർശം:-
1. സ.ഉ(കൈ) നം.112/2020/പൊ.ഭ.വ തീയതി 07.06.2020.
2. സ.ഉ(കൈ) നം.117/2020/പൊ.ഭ.വ തീയതി 18.06.2020.
3. സ.ഉ(കൈ) നം.128/2020/പൊ.ഭ.വ തീയതി 02.07.2020.
4. സ.ഉ(സാധാ) നം.564/2021/ഡി.എം.ഡി തീയതി 04.08.2021.

**<u>ഉത്തരവ്</u>**

സൂചന ഉത്തരവുകളിലെ വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ, സ്വയംഭരണ സ്ഥാപങ്ങളിലെ ജീവനക്കാരുടെ ക്വാറന്റൈൻ കാലത്തെ സ്പെഷ്യൽ അവധി സംബന്ധിച്ച് താഴെപ്പറയുന്ന നിർദേശങ്ങൾ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു:

i. കോവിഡ് പോസിറ്റീവ് ആയവരും പ്രാഥമിക സമ്പർക്ക പട്ടികയിലുള്ള ജീവനക്കാരും കോവിഡ് പോസിറ്റീവ് എന്ന് ടെസ്റ്റ് ചെയ്ത / കോവിഡ് രോഗിയുമായി പ്രാഥമിക സമ്പർക്കത്തിൽ വന്നതിനാൽ ക്വാറന്റൈൻ ഉപദേശിക്കപ്പെട്ട് 7 ദിവസം (ഇടയ്ക്കുള്ള പൊതു അവധികൾ ഉൾപ്പെടെ) കഴിഞ്ഞു ടെസ്റ്റ് ചെയ്തു നെഗറ്റീവ് ആയാൽ (രോഗ ലക്ഷണങ്ങൾ സംബന്ധിച്ച സ്വയം നിരീക്ഷണം, സാമൂഹിക അകലം ഉൾപ്പെടെയുള്ള കോവിഡ് പ്രോട്ടോകോൾ ഒരാഴ്ച കൂടി കർശനമായി പാലിക്കണം എന്ന വ്യവസ്ഥയിൽ) ഓഫീസിൽ ഹാജരാകേണ്ടതാണ്. ഈ കാലയളവ് ആരോഗ്യവകുപ്പിന്റെയോ തദ്ദേശസ്വയംഭരണ വകുപ്പിന്റെയോ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക കാഷ്വൽ അവധി അനുവദിക്കാവുന്നതാണ്.

ii. കോവിഡ് രോഗിയുമായി പ്രാഥമിക സമ്പർക്ക പട്ടികയിൽ വരുന്ന ജീവനക്കാരൻ കഴിഞ്ഞ 3 മാസത്തിനിടയിൽ കോവിഡ് രോഗ വിമുക്തനായ ആളാണെങ്കിൽ ക്വാറന്റൈനിൽ പോകേണ്ടതില്ല. അത്തരം ജീവനക്കാർ കൃത്യമായ കോവിഡ് അനുബന്ധ നിർദേശങ്ങൾ പാലിച്ചും രോഗ ലക്ഷണങ്ങൾക്ക് സ്വയം നിരീക്ഷണത്തിൽ ഏർപ്പെട്ടും ഓഫീസിൽ ഹാജരാകേണ്ടതും രോഗ ലക്ഷണങ്ങൾ കണ്ടാൽ ഉടനടി വൈദ്യ സഹായം തേടേണ്ടതുമാണ്

iii. കോവിഡ് രോഗം മൂർച്ഛിച്ച് ആശുപത്രിയിൽ ചികിത്സ തേടേണ്ടി വരുന്ന ജീവനക്കാർക്ക് ചികിത്സ കാലയളവ് മുഴുവനും മെഡിക്കൽ രേഖകളുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കാവുന്നതാണ്.

2) ഏതെങ്കിലും ജീവനക്കാർ ഈ സംവിധാനം ദുരുപയോഗം ചെയ്യുന്നുവെന്ന് കണ്ടാൽ അവർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വി പി ജോയ്

ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര, വിജിലൻസ് വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ
എല്ലാ വകുപ്പ് തലവൻമാർ, സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ
കമ്മീഷണർ, ദുരന്ത നിവാരണം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും
പകർപ്പ്:-
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ